**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ഡ്യൂട്ടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സമയത്തേയും അവസാനിപ്പിക്കുന്ന സമയത്തേയും എപ്രകാരമാണ് നാമകരണം നല്കിയിട്ടുള്ളത്; ഇതുപ്രകാരം സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള സമയത്തിൽ എത്ര മണിക്കൂറാണ് ഒരു ഡ്യൂട്ടിയായി പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സമയത്തേയും അവസാനിപ്പിക്കുന്ന സമയത്തേയും യഥാക്രമം സൈൻഓൺ, സൈൻഓഫ് എന്നാണ് നാമകരണം നൽകിയിട്ടുള്ളത്. 1961ലെ മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്സ് ആക്ടിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾ ക്കനുസരിച്ച് 8 മണിക്കൂർ ജോലി സമയത്തിന് ഒരു ഡ്യൂട്ടിയാണ് അനുവദിച്ച് നൽകുന്നത്. |
| (ബി) | ക്രൂമെമ്പേഴ്സ് സൈൻഓൺ മുതൽ സൈൻഓഫ് വരെ ഡ്യൂട്ടിയിലായതിനാൽ ഇതിനിടയിലെ സമയം ക്രൂമെമ്പേഴ്സിന് അവരുടെ സ്വകാര്യ ആവശ്യത്തിനായി ഉപയോഗപ്പെടുത്താനാവുമോ; ഇത്തരത്തിൽ അവരുടെ സ്വകാര്യ ആവശ്യത്തിന്ന് സമയം ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ; | (ബി) | ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് ഡ്യൂട്ടി സമയം മറ്റ് സ്വകാര്യ ആവശ്യങ്ങക്കായി ഉപയോഗിക്കുവാൻ സാധിക്കുകയില്ല. |
| (സി) | ഇല്ലെങ്കിൽ ഡ്യൂട്ടി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും ഓരോ ഡ്യൂട്ടിയായിട്ടാണോ പരിഗണിക്കുന്നത്; എങ്കിൽ 25-11-2020 രാവിലെ 10:30 ന് ഡ്യൂട്ടിയിൽ പ്രവേശിച്ച് 27-11-2020 വൈകുന്നേരം 05.00 വരെ ഡ്യൂട്ടിയിലായിരുന്നാൽ ക്രൂവിന് നിയമപ്രകാരം എത്ര ഡ്യൂട്ടിയ്ക്ക് അർഹതയുണ്ട്; | (സി) | 1961-ലെ മോട്ടോർ ട്രാൻസ്‌പോർട്ട് ആക്ട്-ലെ 2(f), 13-ാം എന്നീ വകുപ്പുകൾ പ്രകാരം ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 25.11.2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26.11.2020-ന് വൈകിട്ട് 17.00 മണിയ്ക്കായിരുന്നു. എന്നാൽ 26.11.2020-ന് നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27.11.2020-ന് 17.00 മണിയ്ക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടി കൂടി നൽകിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ തങ്ങളുടെ സ്വകാര്യ ഇടപാടുകൾക്കല്ലാതെ | (ഡി) | 1961-ലെ മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്സ് |

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിന്മേൽ 55 മണിക്കൂർ (രണ്ട് രാത്രിയും 3 പകലും ഡ്യൂട്ടിയിലായിരുന്ന) സേവനത്തിലായിരുന്ന ക്രൂവിന് എത്ര ഡ്യൂട്ടിക്കാണ് അർഹതയുള്ളത്; വിശദീകരിക്കുമോ; | | നിയമത്തിലെ 2(f), 13 എന്നീ വകുപ്പുകൾക്കും ബഹു.കേരളാ ഹൈക്കോടതിയിലെ റിട്ട് അപ്പീൽ ഹർജി നമ്പർ. W.A.1797, 1994, 2037, 2346 എന്നീ നമ്പർ കേസ്സുകളിൽ 12.12.2017-ലെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് 23.02.2018-ൽ കെ.എസ്.ആർ.ടി.സി.യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരവും മൂന്ന് ഡ്യൂട്ടികൾക്കാണ് അർഹതയുണ്ടായിരുന്നത്. 25.11.2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26.11.2020-ന് വൈകിട്ട് 17.00 മണിയ്ക്കായിരുന്നു. എന്നാൽ 26.11.2020-ന് നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27.11.2020-ന് 17.00 മണിയ്ക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടി കൂടി നൽകിയിട്ടുണ്ട്. |
| (ഇ) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും സേവനത്തിനിറങ്ങിയ പ്രസ്തുത ക്രൂ മെമ്പേഴ്സിന് അർഹമായ ഡ്യൂട്ടി നൽകാതെ ജോലിയ്ക്ക് കൂലി നിഷേധിച്ചതു സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ആളിന് അർഹമായ ഡ്യൂട്ടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് ആക്ട്-ലെ 2(f), 13-ാം എന്നീ വകുപ്പുകൾ പ്രകാരം ഡ്യൂട്ടി സമയം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 25.11.2020-ന് രാവിലെ 10.30-ന് നടത്തിയ തിരുവനന്തപുരം-മൂന്നാർ സർവ്വീസിന് ഡ്യൂട്ടി സമയം തീരേണ്ടത് 26.11.2020-ന് വൈകിട്ട് 17.00 മണിയ്ക്കായിരുന്നു. എന്നാൽ 26.11.2020-ന് നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം തടസ്സപ്പെട്ടതിനാൽ പ്രസ്തുത സർവ്വീസ് 27.11.2020-ന് 17.00 മണിയ്ക്കാണ് അവസാനിപ്പിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ മൂന്നാർ യൂണിറ്റിൽ ഹാൾട്ട് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതും ആയതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടി കൂടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ